*പൊതു വിദ്യാഭ്യാസ*
*ഡയറക്ടറുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം, ഹൗസിങ്ങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSE/2021** **24/09/2021**

# സർക്കുലർ

## പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും പിന്നോക്ക /ന്യൂനപക്ഷ എയ്ഡഡ് സ്കൂളുകൾ അല്ലാത്ത മറ്റ് എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശ്ശങ്ങൾ.

സൂചന : 1)**GO(Rt)No. 5693/08/Gl.Edn Dated Thiruvananthapuram 31/12/08.**
2)സ.ഉ(സാധാ)നം.3667/2021/പൊ.വി.വ തീയതി12/8/2021അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്പക്ടസ്

പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും പിന്നോക്ക /ന്യൂനപക്ഷ എയ്ഡഡ് സ്കൂളുകൾ അല്ലാത്ത മറ്റ് എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ്, സെലക്ട് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് "കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ജനറേറ്റർ" സോഫ്റ്റ് വെയർ (Paragraph 3 in Prospectus ) 2021 സെപ്റ്റംബർ 25 മുതൽ ലഭ്യമാകുന്നതാണ്.. **കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ് / സെലക്ട് ലിസ്റ്റുകൾ മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷം മാത്രമെ പ്രസിദ്ധീകരിക്കുവാനും അഡ്മിഷൻ പ്രക്രിയ ആരംഭിക്കുവാനും പാടുള്ളു. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശന ഷെഡ്യൂൾ താഴെ പ്രതിപാദിക്കും പ്രകാരം പുന:ക്രമീകരിച്ചതായി അറിയിക്കുന്നു. അതത് സ്കൂൾ പ്രിൻസിപ്പൽമാർ നിർദിഷ്ഠ ഷെഡ്യൂൾ പ്രകാരം കോവിഡ് ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പ്രത്യേക ക്ലാസ്സ് മുറിയിൽ കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി അഡ്മിഷൻ ഡെസ്ക് രൂപീകരിച്ച് പ്രവേശന നടപടികൾ ക്രമീകരിക്കണമെന്നു നിർദ്ദേശിക്കുന്നു.**

## കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഷെഡ്യൂൾ

**1.മുഖ്യഘട്ടം**

| | | |
|---|---|---|
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | **25/09/2021** |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി | : | **05/10/2021** |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | **06/10/2021** |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | **07/10/2021** മുതൽ |

**2.സപ്ലിമെൻററി ഘട്ടം**

| | | |
|---|---|---|
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | **20/10/2021** |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി | : | **22/10/2021** |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | **23/10/2021** |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | **23/10/2021** മുതൽ |
| പ്രവേശനം അവസാനിപ്പിക്കേണ്ട തീയതി | : | **25/10/2021** |



പൊതുവിദ്യാഭ്യാസ ഡയറക്ടർ